ശ്രീ. എം. മുരളി: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

സമിതിയുടെ മുപ്പത്തി എട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, ഞാൻ ഈ ബില്ലിനെക്കുറിച്ച് ഒരു ഒബ്ജക്ഷൻ എഴുതി തന്നിരുന്നു. ഞാൻ പ്രസംഗിക്കുന്നില്ല. അതായത് ശ്രീ. യൂനസ് കുഞ്ഞിന്റെ പേരിലുള്ള കേരള ലാൻഡ് റിഫോം (ഭേദഗതി) ബിൽ കോൺസ്റ്റിറ്റ്യൂഷന്റെ ഒൻപതാം ഷെഡ്യൂളിന്റെ പ്രൊട്ടക്ഷനുള്ള ബില്ലാണ്. അത്തരമൊരു ബിൽ ഈ സഭയിൽ അവതരിപ്പിക്കുമ്പോൾ പ്രസിഡൻറിന്റെ അസന്റ് വേണം. അത് ഇല്ലാതെ അവതരിപ്പിക്കുന്നതിൽ പ്രയാസമുണ്ട്. മറ്റൊരു കാര്യം ലാൻഡ് റിഫോംസ് ആക്ടിന്റെ ലെജിസ്ലേറ്റീവ് ഇൻറൻഷനെ ഡിഫീറ്റുചെയ്യുന്ന ഒരു ക്ലാസ്സാണ് ചേർക്കണമെന്നു പറയുന്നത്. അതായത് ഇന്ന് എക്സസ് ലാൻറായി ഡിക്ലയർ ചെയ്തിട്ടുള്ളതുകൂടി ഉപയോഗിച്ച് ക്യാഷ്യു പ്ലാന്റേഷന്റെ പരിധി എക്സ്റെൻറു ചെയ്യണമെന്നുള്ളതാണ്. അത് ഇതിനുമുമ്പ് കേരള നിയമസഭ തള്ളിക്കളഞ്ഞിട്ടുള്ളതുമാണ്. ഇക്കാര്യം ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

(ii) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1) 1996-ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യർ (കേരള ഭേദഗതി) ബിൽ (പ്രൊഫസർ മീനാക്ഷി തമ്പാൻ നോട്ടീസ് നൽകിയത്)

പ്രൊഫസർ മീനാക്ഷി തമ്പാൻ: സർ, 1996-ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യർ (കേരള ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബില്ലിന് അവതരണാനുമതി നൽകി.

പ്രൊഫസർ മീനാക്ഷി തമ്പാൻ: സർ, 1996-ലെ കോഡ് ഓഫ് ക്രിമിനൽ പ്രൊസീഡ്യർ (കേരള ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ക്രിമിനൽ പ്രൊസീഡ്യർ കോഡിന്റെ 125-ാം വകുപ്പ് അനുവദിക്കുന്ന വിവാഹ മുക്തിക്കുള്ള ജീവനാംശം 500 രൂപയായി ലിമിറ്റു ചെയ്തിരിക്കുന്നത് മാറിയ സാഹചര്യത്തിൽ വർദ്ധിപ്പിക്കണമെന്നുള്ള ഒരു ഭേദഗതിയാണ് പ്രധാനമായും ഞാൻ കൊണ്ടുവരുന്നത്. അടുത്ത കാലത്ത് അഭിഭാഷകരുടെയും, സ്ത്രീകളുടേയും, സാർവ്വദേശീയ വനിതാദിനത്തോടനുബന്ധിച്ചും നടന്ന സമ്മേളനങ്ങളിലെല്ലാം പ്രമേയമായി അവതരിപ്പിക്കുകയും അത് പാസ്സാക്കുകയും ചെയ്തിട്ടുള്ളതാണ്. അത് ഗവൺമെൻറ് സൂപ്പോമോട്ടോ കൊണ്ടുവരേണ്ടതാണ്. പക്ഷെ അത്തരത്തിലൊരു നിർദ്ദേശം ഇതുവരെ ഉണ്ടാകാത്തതുകൊണ്ട് രണ്ടുമൂന്നു മിനിറ്റ് സംസാരിക്കാൻ അവസരം തരണം. ലാ കമ്മീഷന്റെ 132-ാമത്തെ റിപ്പോർട്ടിൽ ഇതാണ് പറയുന്നത്. Need for the amendment of.....

(ചർച്ച തുടരും)

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker: No....no.....your time. is over. അടുത്തത് 1995-ലെ കേരള പാഡി ഫീൽഡ്സ് (റെസ്ട്രിക്ഷൻ ഓഫ് കൺവർഷൻ) ബിൽ

(2) 1995-ലെ കേരള പാഡി ഫീൽഡ്സ് (റെസ്ട്രിക്ഷൻ ഓഫ് കൺവർഷൻ) ബിൽ (ശ്രീ. വി. വി. രാഘവൻ നോട്ടീസ് നൽകിയത്)

ശ്രീ. വി. വി. രാഘവൻ: സർ, 1995-ലെ കേരള പാഡി ഫീൽഡ്സ് (റെസ്ട്രിക്ൻ ഓഫ് ഷകൺവർഷൻ) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബില്ലിന് അവതരണാനുമതി നൽകി.

ശ്രീ. വി. വി. രാഘവൻ: സർ, 1995-ലെ കേരള പാഡി ഫീൽഡ്സ് (റെസ്ട്രിക്ഷൻ ഓഫ് കൺവർഷൻ) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

(ചർച്ച തുടരും)

(3) 1991-ലെ കേരള ന്യൂസ്പേപ്പർ എജൻറ്സ് ക്ഷേമനിധി ബിൽ (ശ്രീ. സി. പി. ബാലൻ വൈദ്യർ നോട്ടീസ് നൽകിയത്)

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, 1991-ലെ കേരള ന്യൂസ് പേപ്പർ എജൻറ്സ് ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. വി. രാഘവൻ: സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബില്ലിന് അവതരണാനുമതി നൽകി.

ശ്രീ. സി. പി. ബാലൻ വൈദ്യർ: സർ, 199i-ലെ കേരള ന്യൂസ് പേപ്പർ എജൻറ്സ് ക്ഷേമനിധി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

(ചർച്ച തുടരും)

(4) 1996-ലെ കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (ഭേദഗതി) ബിൽ (ശ്രീ. സി. കെ. ചന്ദ്രപ്പൻ നോട്ടീസ് നൽകിയത്)

ശ്രീ. സി. കെ. ചന്ദ്രപ്പൻ: സർ, 1996-ലെ കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly